**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**എസ്.ഐ., സി.ഐ., ഡി.വൈ.എസ്.പി., എസ്.പി. തസ്തികകളിലെ ഒഴിവുകൾ**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 98** **7/8/2017-ൽ മറുപടിക്ക്**

**ചോദ്യം**

**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**

**മറുപടി**

**പിണറായി വിജയൻ**

**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) & (ബി) | സി.ഐ., ഡി.വൈ.എസ്.പി., എസ്.പി എന്നിവരുടെ നിയമനം സംബന്ധിച്ച സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ;<br><br>നിയമ തടസ്സങ്ങൾ ഇല്ലെങ്കിൽ എന്തുകൊണ്ട് പ്രമോഷൻ നടക്കുന്നില്ലെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) | മറുപടി നേരത്തെ ലഭ്യമാക്കിയിരുന്നു. (6/8/2017-ൽ) |
| (സി) | നിലവിൽ എത്ര സി.ഐ.,ഡി.വൈ.എസ്.പി തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു ; വ്യക്തമാക്കുമോ; | (സി), | എസ്.പി-3, ഡി.വൈ.എസ്.പി.-17, സി.ഐ. തസ്തികയിൽ നിലവിൽ ഒഴിവുകളില്ല. |
| (ഡി) | 15 മുതൽ 20 വർഷം വരെ എസ്.ഐ. തസ്തികയിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരെ പ്രമോട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ; | (ഡി) | മറുപടി നേരത്തെ ലഭ്യമാക്കിയിരുന്നു. (6/8/2017-ൽ) |
| (ഇ) | എസ്.ഐ., സി.ഐ., ഡി.വൈ.എസ്.പി., എസ്.പി. മാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട് ഏതെല്ലാമെന്നു വ്യക്തമാക്കുമോ? | (ഇ) | നേരിട്ട് നിയമനത്തിനുള്ള (Direct Recruitment -SI) സബ് ഇൻസ്പെക്ടർമാരുടെ 130 ഒഴിവുകൾ നിലവിലുണ്ട്. എന്നാൽ ഈ ഒഴിവുകൾ ഒന്നും പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ സാധിക്കില്ല. ബഹു.കേരള ഹൈക്കോടതിയുടെ 26/08/2014 (OP (KAT) No. 200/2014) -ലെ ഉത്തരവ് പ്രകാരം ഡിപ്പാർട്ട്മെന്റിൽ നിലവില്ലായിരുന്ന സബ് ഇൻസ്പെക്ടർമാരുടെ അധിക 137 ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടി വന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 01/03/2016-ൽ ഉത്തരവ് നമ്പർ 76/2016 ആഭ്യ പ്രകാരം 137 സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കുകയും , ടി 137 ഒഴിവുകൾ റിസർവ്വ് ചെയ്തതിനുശേഷം വരുന്ന എസ്.ഐ.മാരുടെ ഒഴിവുകൾ മാത്രമേ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാവൂയെന്ന് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ മേൽപ്പറഞ്ഞ ( Direct Recruitment -SI) സബ് ഇൻസ്പെക്ടർമാരുടെ 130 ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ നിർവ്വാഹമില്ല.<br>എസ്.പി-3, ഡി.വൈ.എസ്.പി.-17 എന്നീ ക്രമത്തിൽ ഒഴിവുകൾ ഉണ്ട്. എന്നാൽ സി.ഐ. തസ്തികയിൽ നിലവിൽ ഒഴിവുകളില്ല. |

സെക്ഷൻ ഓഫീസർ